5. ശ്രീ. എ. എം. സൈമൺ.
6. ,, പി. കേശവമേനോൻ.
7. ,, കെ. ബാലകൃഷ്ണൻ.
8. ,, എൻ. രാഘവക്കുറുപ്പ്.
9. ,, എം. എം. മത്തായി.
10. ,, സി. കെ. വിശ്വനാഥൻ.
11. മൂവർ

ഈ കമ്മിറ്റിയുടെ കോറം 6 ആയിരിക്കുന്നതാണ്.

MR. DEPUTY SPEAKER: The question is that the Travancore-Cochin Electricity Supply Bill be referred to a Select Committee consisting of—

(i) Shri Kalathil Velayudhan Nair,
(ii) Shri P. S. Nataraja Pillai,
(iii) Shri M. A. Antony,
(iv) Shri Manjanatha Prabhu,
(v) Shri A. M. Simon,
(vi) Shri P. Kesava Menon.
(vii) Shri K. Balakrishnan,
(viii) Shri N. Raghava Kurup,
(ix) Shri C.K. Viswanathan,
(x) Shri M. M. Mathai, and the mover, the quorum being four.

The motion was put and carried.

The Travancore-Cochin Requisitioning and Acquisition of Property Bill—(Contd.)

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): സർ, ഈ ബില്ല് കഴിഞ്ഞദിവസം ചർച്ചയ്ക്കെടുത്തപ്പോൾ ഒൻപതാമത്തെ വകുപ്പിനു് ഒരു ഭേദഗതി ആവശ്യമാണെന്നും ഇന്നു ആ ഭേദഗതി ഞാൻ അവതരിപ്പിക്കാമെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. ഇന്നത്തെ എന്റെ ഭേദഗതി ബഹുമാനപ്പെട്ട മെംബറന്മാരുടെ ഇടയിൽ വിതരണം ചെയ്തിട്ടുണ്ടെന്നാണു് ഞാൻ അറിയുന്നതു്. ആ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതാണു് ഭേദഗതി.

At the end of clause 9, the following sentence shall be added:

"The amount of compensation payable under the award shall carry interest at the rate of six per cent per annum from the date on which it is specified as payable in the award."

ഈ ഭേദഗതി മതിയാകുമെന്നാണു് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. രാമചന്ദ്രൻനായർ : ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഒട്ടുംതന്നെ പര്യാപ്തമല്ലെന്നാണ് എന്റെ അഭിപ്രായം. 118-ാ൦ ഒരു സ്ത്രീയുടെ വകയായ പതിനാലര സെന്റ് സ്ഥലം ശവണ്ണൻറിൽനിന്നും പൊന്നംവിലയ്ക്കെടുത്തു. ഇന്നുവരെ അതിന് കാമ്പൻസേഷൻ പണമായിട്ടോ, വസ്തുവായിട്ടോ കൊടുത്തിട്ടില്ല. ഈ വസ്തുത ഞാൻ ഇതിനുമുമ്പും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ ഉത്തരവാദബോധമില്ലാതെ, മനുഷ്യനോട് കരുണയില്ലാതെ, ശവണ്ണൻറ പ്രവർത്തിക്കുന്ന നിലയ്ക്ക്, നിർബ്ബന്ധമായി ഇന്ന കാലാവധിക്കുള്ളിൽ കാമ്പൻസേഷൻ കൊടുക്കണമെന്നുള്ള വ്യവസ്ഥ അവശ്യം വേണ്ടതാണ്. അവസാനം, കൊടുക്കണമെന്ന് മാത്രമെ ബില്ലിൽ പറയുന്നുള്ളൂ. ഒരു പീഡിഷുകൂടി വെയ്ക്കേണ്ടതാണ്. ഒരു കൊല്ലത്തിനകം, അല്ലെങ്കിൽ രണ്ടു കൊല്ലത്തിനകം എന്നുകൂടി പറയണം. ആ സ്ത്രീ ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് താമസിക്കുന്നത്. രണ്ടോ രണ്ടരയോ രൂപ കൊടുക്കാതെ വീട് വാടകയ്ക്ക് കിട്ടുകയില്ല. ഭൂവുടമയില്ലാത്തതുകൊണ്ട് ഇവരെ ആരും വാടകയ്ക്ക് താമസിപ്പിക്കുന്നുമില്ല. ആ സ്ത്രീയുടെ കാര്യം എനിക്ക് നേരിട്ടറിയാം. ഇങ്ങനെ അനവധി കേസുകൾ ഈ രാജ്യത്തുണ്ടാകുന്നുണ്ട്. ഇക്കാര്യം ഞാൻ മുഖ്യമന്ത്രിയുടേയും ഹോം മിനിസ്റ്ററുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവസാനം ആറുമാസം കഴിഞ്ഞതിനുശേഷം റവന്യൂ ബോർഡിൽനിന്നും സെറിമെൻറ് സ്കീം അനുസരിച്ച് പത്തര സെന്റ് സ്ഥലം കൊടുക്കാം, സ്വീകരിക്കാൻ തയാറാണോ എന്നു ചോദിച്ചിരിക്കുന്നു. എന്തു മനോഭാവമാണ് ഇത് എന്നു ഞാൻ ചോദിക്കുന്നു.

ശ്രീ. എ. ജെ. ജോൺ : ലാൻറ് അക്വിസിഷൻ ആക്ടനുസരിച്ചു തന്നെയോ, അതോ, പഴയ ആക്ടനുസരിച്ചാണോ, ആ സ്ഥലം എടുത്തത്?

ശ്രീ. സി. കെ. രാമചന്ദ്രൻ നായർ : ചെങ്ങന്നൂർ ഇംഗ്ലീഷ് ഹൈസ്കൂളിന്റെ ആവശ്യത്തിലേക്കാണ് സ്ഥലം എടുത്തത്. പൊന്നംവിലയ്ക്കാണെടുത്തത്. ഏതാക്ടനുസരിച്ചാണെന്ന് എനിക്ക് നിശ്ചയമില്ല. ആ സ്ഥലം എടുത്തുകഴിഞ്ഞു അവരെ വെളിയിൽ വിട്ടിട്ട് ഇതുവരെ 16 കൊല്ലമായി. മൈനർ ഉള്ളതുകൊണ്ട് പകരം സ്ഥലം കൊടുക്കാമെന്നു പറഞ്ഞു. ഇന്നുവരെ കൊടുത്തിട്ടില്ല. ഇങ്ങനെയാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ നീതി രക്ഷയാണ്. ഇങ്ങനെ പലരും കണക്കാക്കാം. അതുകൊണ്ടാണ് നിർബ്ബന്ധമായി ഒരു കാലാവധി വയ്ക്കണമെന്ന് ഞാൻ പറയുന്നത്. ആ സ്ത്രീയുടെ വാടകയ്ക്കുകൂടി ശവണ്ണൻറ് ഉത്തരവാദിയായിരിക്കേണ്ടതാണ്. ശതമാനം ആറായാലും സമ്മതിക്കാമായിരുന്നു. എന്തുകൊണ്ട്, ഇതു നിങ്ങളുടെ ഹൃദയത്തിൽ ഒരുവികാരം ഉണ്ടാക്കുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നത്. ഇനി ഇവർക്ക് കാമ്പൻസേഷൻ എന്നു കിട്ടും?

ഇതുപോലെ വേറെയും ചില കാര്യങ്ങൾ പറയാനുണ്ട്. നല്ലതും അമ്പതും രൂപ വസ്തു അളക്കുവാനായി താലൂക്കിൽ കെട്ടിവച്ചാൽ രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞാലും വസ്തു അളന്നു കിട്ടുകയില്ല. ഇങ്ങനെ രാജ്യഭരണം തുടർന്നുകൊണ്ടുപോയാൽ ഇതു എവിടെ ചെന്നു അവസാനിക്കും? അതുകൊണ്ട് പൊന്നംവില കൊടുക്കുന്ന കാര്യത്തിൽ ഒരു കാലയളവ് തീർച്ചപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : ഈ വകുപ്പിൽ കാലാവധി വയ്ക്കുന്നതിനു് പ്രയാസമുണ്ടെന്നു് ബഹുമാനപ്പെട്ട മെംബർതന്നെ സമ്മതിക്കുന്നുണ്ടു്. ചില കേസുകളിൽ മൈനർ അവകാശവും മറ്റും ഉണ്ടായിരിക്കും. ആ നിലയ്ക്കു ഒരു കാലാവധി വയ്ക്കുവാൻ തരമില്ല. ഓരോ കേസിന്റേയും സ്വഭാവമനുസരിച്ചു് എത്രയും വേഗം കാമ്പൻസേഷൻ കൊടുക്കുവാൻ ഗവണ്മെൻറു് ശ്രമിക്കുന്നതാണു്. ചെറുതായ കേസിൽ കാലതാമസം ഉണ്ടായിരിക്കാം. പതിനാലു സെൻറിനു് പത്തര സെൻറു് ആയിപ്പോയി. എന്നു വന്നേക്കാം. പതിനാലു് സെൻറു് വിട്ടില്ലെങ്കിലും ഉണ്ടായിരിക്കാം. കൊടുക്കാമെന്നു് പറഞ്ഞ സ്ഥലത്തിനു് കൂടുതൽ വിലയുണ്ടായിരിക്കാം. എടുത്തിട്ടുള്ള വസ്തുവിനു് കിട്ടുന്ന വിലയ്ക്കു വസ്തു കൊടുക്കുന്നതാണു്. ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ആ കാര്യത്തെപ്പറ്റി ഉടനെതന്നെ നോക്കാം. ഏതായാലും ഒരു കാലാവധി വയ്ക്കുന്ന കാര്യത്തിൽ യോജിക്കാൻ ഗവണ്മെൻറിനു് നിവൃത്തിയില്ല. ഇവിടെ ബഹുമാനപ്പെട്ട മെംബറന്മാർ പറയുകയുണ്ടായി, ഭേദഗതികളെല്ലാം ഏതാണ്ടു് ഞാനെതിർക്കയാണെന്നു്. ഭേദഗതികളും സ്വീകരിക്കുന്നതിൽ ചിലപ്പോൾ ഗവണ്മെൻറിനു് പ്രയാസം നേരിടുന്നുണ്ടു്. അല്ലാതെ സ്വീകരിക്കരുതെന്നു വിചാരമില്ല. കഴിഞ്ഞ ദിവസം ഇവിടെ കൊണ്ടുവന്ന മിക്ക വാക്കും ഭേദഗതികളും ഞാൻ സ്വീകരിക്കുകയാണു് ചെയ്തതു്. പ്രയാസം ഉണ്ടെന്നതോന്നുന്ന ഭേദഗതികളും മാത്രമെ സ്വീകരിക്കാതിരിക്കുന്നുള്ളു. അതും ശതമാനം പലിശ വേണമെന്നു് ഈ സഭ അഭിപ്രായപ്പെട്ടതനുസരിച്ചു് ഭേദഗതിയിൽ കൊണ്ടുവന്നിട്ടുണ്ടു്. ഗവണ്മെൻറിലേക്കു് എടുക്കുന്ന വസ്തുവിന്റെ പ്രതിഫലം ഉടനെതന്നെ കൊടുക്കുന്നതിനു വേണ്ട സത്വരനടപടികളും നടത്തുന്നതാണു്. ബഹുമാനപ്പെട്ട മെംബർ പറഞ്ഞ കാര്യത്തെപ്പറ്റി ഉടനെ നടപടി നടത്തുന്നതാണെന്നു് ഞാൻ അഷ്വർ ചെയ്യുന്നു. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബറുടെ എതിർപ്പു് പിൻവലിക്കുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ ഭേദഗതി ഇതേപടി സ്വീകരിച്ചാൽ മനഃപൂർവ്വമായി ആരെങ്കിലും പണം വാങ്ങിക്കാതിരിക്കുകയാണെങ്കിൽ അയാൾക്കു് പലിശ കൊടുക്കാൻ ഗവണ്മെൻറു് ബാദ്ധ്യസ്ഥരാകുകയില്ലേ ?

ശ്രീ. എ. ജെ. ജോൺ : ആ പണം ഗവണ്മെൻറിന്റെ കൈയിൽ ഇരിക്കുകയാണല്ലൊ. അതുകൊണ്ടു് പലിശ കൊടുക്കുന്നതിൽ തെറ്റില്ല.

MR. DEPUTY SPEAKER: I hope Mr. Ramachandran Nair is satisfied with the reply and does not press his amendment. The hon. Minister will look into the particular matter mentioned by him.

SHRI A. J. JOHN: Yes, Sir, I give that assurance.

The amendment moved by the hon. Minister was put and carried.

The question that Clause 9, as amended, stands part of the Bill was put and carried.

Clause 9, as amended was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 18.

The question that Clause 18 stands part of the Bill was put and carried.

Clause 18 was added to the Bill.

Clause 1.

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

The Preamble and the Title.

The question that the Preamble and the title stand part of the Bill was put and carried.

The preamble and the Title were added to the Bill.

SHRI A. J. JOHN: The Third Reading of the Bill may be taken up tomorrow.

MR. DEPUTY SPEAKER: Yes.

The Travancore-Cochin General Sales Tax (Second Amendment) Bill, 1955.

Chief Minister (SHRI PANAMPILLI GOVINDA MENON): Sir, I move that the Travancore-Cochin Sales Tax (Second Amendment) Bill, 1955, as reported by the Select Committee be taken up for consideration.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ സെയിൽസ് ടാക്സ് അമൻഡ്മെൻറ് ബിൽ ഇതിനുമുൻപ് ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ ഉദ്ദേശ കാരണ വിവരങ്ങൾ വിശദീകരിക്കുകയും അതിനുശേഷം സഭയുടെ തീരുമാനം അനുസരിച്ച് സെലക്ട് കമ്മറ്റിക്ക് അയയ്ക്കുകയുമാണ് ചെയ്തത്. സെലക്ട്കമ്മിറ്റി ഈ ബില്ലിനെപ്പറ്റി നല്ലതുപോലെ പരിശോധന നടത്തുകയും അതു് അനുസരിച്ച് കാര്യമായ യാതൊരു വ്യത്യാസവും വരുത്താതെ കമ്മറ്റി റിപ്പോർട്ട് ചെയ്തിരിക്കുകയുമാണ്. പക്ഷേ, ഇതിന്റെ ഒന്നാമത്തെ ക്ലാസ് രണ്ടാമത്തെ വകുപ്പിൽ ഒരു ചെറിയ വ്യത്യാസം മാത്രം വരുത്തിയിട്ടുണ്ട്. അതു് എന്തെന്നാൽ ഈ ബില്ല് പാസ്സാക്കുന്ന തീയതി മുതൽ അതു് നടപ്പിൽ വരുത്തണം എന്നുള്ളതാണ്. അതു സംബന്ധിച്ചു മാത്രമേ ഇതിൽ വ്യത്യാസം വരുത്തിയിട്ടുള്ളൂ.

ശ്രീ. ടി. വി. തോമസ്: സർ, ഈ റിപ്പോർട്ട് ഇവിടെ അവതരിപ്പിച്ച്, അതിലേയ്ക്കുള്ള അമൻഡ്മെൻറ് അവതരിപ്പിക്കുന്നതിനുള്ള സമയം അനുവദിച്ചുകൊടുക്കേണ്ടതാണ്. അങ്ങനെ ഭേദഗതികൾ ഹാജരാക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തതിനുശേഷം പാസ്സാക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ല് വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആയതുകൊണ്ട് എത്രയും വേഗത്തിൽ പാസ്സാക്കണമെന്ന് ഞാൻ ഒന്നുകൂടി അപേക്ഷിക്കുകയാണ്. എന്തെന്നാൽ സെലക്ട് കമ്മിറ്റി യുനാനിമസ്സായി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly